**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 760** **24-08-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റിനെതിരെയുള്ള പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റിനെതിരെ സഹകരണ വകുപ്പിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | മലപ്പുറം ജില്ലാ പഞ്ചാമലപ്പുറം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റിനെതിരെയുള്ളയത്ത് വൈസ് പ്രസിഡന്റിനെതിരെയുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികളുടെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പരാതിയുടെ അന്വേഷണ പുരോഗതി വിശദമാക്കാമോ; പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; അന്വേഷണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | പരാതികൾ അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു. അന്വേഷണ റിപ്പോർട്ടിൽ ശ്രീ.ഇസ്മയിൽ മൂത്തേടത്തിന് സഹകരണ സംഘം ഭരണസമിതി അംഗമായി തുടരുന്നതിന് അയോഗ്യതയുള്ളതായും, ഒന്നിൽ കൂടുതൽ വായ്പാ സംഘത്തിൽ ഒരേ സമയം അംഗത്വം ഉള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | സഹകരണ മേഖലയിൽ പ്രസ്തുത വ്യക്തിക്കെതിരെ നിരവധി പരാതികളുള്ള സാഹചര്യത്തിൽ സഹകരണ വകുപ്പ് വിശദ അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ശ്രീ.ഇസ്മയിൽ മൂത്തേടത്തിനെതിരെയുള്ള പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തിയതിൽ ടിയാന് സഹകരണ സംഘം ഭരണസമിതി അംഗമായി തുടരുന്നതിന് അയോഗ്യതയുള്ളതായും, ഒന്നിൽ കൂടുതൽ വായ്പ സംഘത്തിൽ ഒരേ സമയം അംഗത്വം ഉള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്മേൽ സഹകരണ സംഘം രജിസ്ട്രാർ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

6441405/2022/OS (CO-OP)

I/5397943/2022

അനുബന്ധം I

148 2011/20

നിലമ്പൂർ

10/12/2019

ശ്രീ കടകമ്പള്ളി സുരേന്ദ്രൻ

ബഹു സഹകരണ - ദേവസ്വം - ടൂറിസം വകുപ്പ് മന്ത്രി

തിരുവനന്തപുരം

സാർ,

മലപ്പുറം ജില്ലയിലെ പ്രമുഖ ലീഗ് നേതാവും യു ഡി എഫിന്റെ സംസ്ഥാന സഹകരണ സെല്ലിന്റെ സംസ്ഥാന കൺ വീനറുമായ ഇസ്മായിൽ മുത്തേടതിന്റെ ബിനാമി വായ്പകളെക്കുറിച്ച് ദേശാഭിമാനിപത്രത്തിൽ ചില റിപ്പോർട്ടുകൾ വന്നിരുന്നു. ശ്രീ ഇസ്മായിലിന് ലീഗിന്റെ രാഷ്ട്രീയ പ്രവർത്തനമല്ലാതെ മറ്റു വരുമാനമുള്ള ജോലികളൊന്നും തന്നെയില്ല. കൂടാതെ ശ്രീ ഇസ്മായിലിന്റെ നേതൃത്വത്തിൽ വർഷങ്ങൾക്ക് മുൻപ് RINCOS എന്ന പേരിൽ ഒരു റബ്ബർ സംസ്ക്കരണ സഹകരണ സംഘം ആരംഭിച്ചിരുന്നു. ആ സംഘത്തിന്റെ പേരിലുള്ള സ്ഥലം ഇസ്മായിൽ വിറ്റതായും സംശയിക്കുന്നു. ഇതിനു വേണ്ടി ലീഗ് ഭരിക്കുന്ന സഹകരണ ബാങ്കുകളിൽ നിന്നും ലക്ഷക്കണക്കിന് രൂപ ഷെയർ പിരിച്ചിരുന്നു. സഹകരണ ബാങ്കുകളുടെ ഷെയർ സംഖ്യയെപ്പറ്റിയും വിവരങ്ങൾ ഒന്നുമില്ലെന്നാണ് അറിയുന്നത്.

ദേശാഭിമാനി പത്രത്തിലെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചതു കൂടാതെ ചില ലോണുകൾ കൂടി ടിയാനു വേണ്ടി എടുത്തിട്ടുള്ള ബിനാമി ലോണുകളാണ്.

മുഹമ്മദ് കെ 15,00,000, മരക്കാർ 8,00,000, നയാസ് മോൻ 30,00,000,

സൈതലവി 25,00,000

ഈ ലോണുകളിലൊന്നും ഒരു നായാപൈസ പോലും അടവാക്കിയിട്ടില്ല.

ഇസ്മായിലിന്റെ പേരിൽ ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്കിൽ 55,00,0000 രൂപയുടെ വായ്പയുണ്ട്. തിരിച്ചടവ് ഒന്നും തന്നെയില്ലെന്നാണ് വിവരം. മൂത്തേടം സർവ്വീസ് സഹകരണ ബാങ്കിലും ഇസ്മായിലിന്റെ നേതൃത്വത്തിലുള്ള മൂത്തേടം സഹകരണ അർബൻ സൊസൈറ്റിയിലും ടിയാനും കുടുംബാംഗങ്ങൾക്കും വലിയ തോതിൽ ബാധ്യതകളുണ്ടെന്നും കേൾക്കുന്നുണ്ട്.

മേൽ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന്

ജോസഫ് മാത്യു

നിലമ്പൂർ

പകർപ്പ്: സഹകരണസംഘം ജോയിന്റ് റജിസ്ട്രാർ (ജനറൽ), മലപ്പുറം

153287/2020

CAP I

55

31/1/20

ചുങ്കത്തറ

20-01 – 2020

ശ്രീ കടകംപള്ളി സുരേന്ദ്രൻ

സഹകരണം-ദേവസ്വം വകുപ്പ് മന്ത്രി

സെക്രട്ടറിയേറ്റ്

തിരുവനന്തപുരം

സർ

വിഷയം : മലപ്പുറം ജില്ലയിലെ ചുങ്കത്തറ സർവ്വീസ് സഹകരണ ബേങ്കിൽ നിന്നും ശ്രീ ഇസ്മായിൽ എടുത്ത വായ്പ

ഇന്ത്യൻ യുണിയൻ മുസ്ലീം ലീഗ് ജില്ലാ സെക്രട്ടറിയും യു.ഡി.എഫ്.. സഹകരണ സെൽ കൺവീനറുമായ ശ്രീ ഇസ്മായിൽ മുത്തേടം ചുങ്കത്തറ സർവ്വീസ് സഹകരണ ബേങ്കിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയ ശേഷം 2019 മാർച്ച് മാസത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 700000 രൂപയോളം ആനുകൂല്യം വാങ്ങുകയും അതേ ഭൂമിയുടെ ഈടിന്മേൽ അതേ സമയത്ത് 55,00,000 രൂപയുടെ വായ്പ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ വായ്പ കുടിശ്ശികയാണെന്നറിയുന്നു.

നിരവധി സഹകരണ സ്ഥാപനങ്ങളുടെ ഭരണ സമിതിയിൽ പ്രവർത്തിച്ചയാളും ഒരു സഹകരണ സംഘത്തിലെ മുൻ ജീവനക്കാരനുമായ ഇസ്മായിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പ അടവാക്കുന്നതിന് പ്രയാസം നേരിടുന്നവരെ സഹായിക്കാനുള്ള പദ്ധതിയാണെന്ന അറിവുള്ളയാളാണ്. പദ്ധതിയുടെ ആനുകൂല്യം കൈപറ്റിയ ഉടൻ തന്നെ അതേ സ്ഥാപനത്തിൽ നിന്നുതന്നെ വായ്പ പുതുക്കി വാങ്ങുന്നത് പൊതുമുതൽ അപഹരിക്കുന്നതിന് തുല്യമാണ്.

ടി ആളിൽ നിന്ന് ഒറ്റത്തവണ തീർപ്പാക്കലിൽ കിട്ടിയ ആനുകൂല്യം പലിശ സഹിതം തിരിച്ച് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തുടർന്ന് സഹകരണ സ്ഥാപനങ്ങളിലെ ഭാരവാഹിത്വത്തിൽ നിന്ന് അയോഗ്യനാക്കുകയും പിന്നീട് ഇത്തരം ഭരണ സമിതികളിലേക്ക് നിയമിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തണമെന്നും അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

കെ. മുഹമ്മദ്

ചുങ്കത്തറ

33362/21

53

The Joint Registrar Coop Societies
Malappuram

CRP(1)

സർ,

[illegible]

[illegible]

[illegible]

[illegible]

File No. RCS/8080/2021-CP(6) (Computer No. 89242 )
: 347750/2021/FAIRCOPY RCS COOP

രജിസ്ട്രാർ, സഹകരണം
അന്വേഷണം നടത്തി റിപ്പോർട്ട് നൽകുക.

പ്രേഷകൻ,
വികെ ഷാനവാസ്
സിപിഐ എം മൂത്തേടം ലോക്കൽ കമ്മറ്റി സെക്രട്ടറി
വട്ടക്കണ്ടത്തിൽ (ഹൗസ്) മരംവെട്ടിച്ചാൽ,
മൂത്തേടം പിഒ 679331 മൊബൈൽ: 9446730751

വി. എൻ. വാസവൻ
സഹകരണവും രജിസ്ട്രേഷനും
വകുപ്പ് മന്ത്രി

5583694/2021/MIN(CO-OP)

സ്വീകർത്താവ്,
ശ്രീ. വിഎൻ വാസവൻ
ബഹു: സഹകരണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി
തിരുവനന്തപുരം

സർ,

വിഷയം: മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്ക് മൂത്തേടം അർബൺ സഹകരണ സംഘം ഡയറക്ടർ ബോർഡ് അംഗവും, മലപ്പുറം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമായ ശ്രീ. ഇസ്മായീൽ മൂത്തേടം, പരശുനാംകുന്നൻ (ഹൗസ്), കാരപ്പുറം പിഒ 679331 എന്നയാൾ നടത്തിയ സഹകരണ സ്ഥാപനങ്ങളിലെ അഴിമതികൾ സമഗ്രമായ അന്വേഷണം നടത്തി അടിയന്തിര തുടർ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിക്കുന്ന പരാതി.

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്ക് മൂത്തേടം അർബൺ സഹകരണ സംഘം ഡയറക്ടർ ബോർഡ് അംഗവും, മലപ്പുറം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമായ ശ്രീ. ഇസ്മായീൽ മൂത്തേടം, പരശുനാംകുന്നൻ (ഹൗസ്), കാരപ്പുറം പിഒ 679331 യും, ഇവരുടെ ബന്ധുക്കളും ചേർന്ന് വിവിധ സഹകരണ സ്ഥാപനങ്ങളിലായി വൻ അഴിമതികളാണ് നടത്തിയിട്ടുള്ളത്. മൂത്തേടം അർബൺ സഹകരണ സംഘം, മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക്, ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്ക്, കരുളായ് സർവ്വീസ് സഹകരണ ബാങ്ക്, ഏറനാട് താലൂക്ക് എംപ്ലോയീസ് സഹകരണ സൊസൈറ്റി ലിമിറ്റഡ് എന്നിവയിൽ നിന്നായി എടുത്ത ബിസിനസ് വായ്പ, കാർഷിക വായ്പ, ഭവന വായ്പ, ഗൃഹോപകരണ വായ്പ എന്നിവയിലാണ് വൻ ക്രമക്കേട് നടന്നിട്ടുള്ളത്. ശ്രീ. ഇസ്മായീൽ, ഭാര്യ റംലത്ത് പരശുനാംകുന്നൻ, മക്കളായ അജ്മൽ അലി പരശുനാംകുന്നൻ, ആസിഫ് അലി പരശുനാംകുന്നൻ, സഹോദരൻ അബൂബക്കർ പരശുനാംകുന്നൻ, ഭാര്യ സഹോദരി ഭർത്താവ് ഹംസ പുല്ലൻ, മു വഴിക്കടവ്, ബിനാമി ഇടപാടുകാരായ (1) മരക്കാർ, പുതിയത്ത് ഹൗസ്, ബാലംകുളം, കാരപ്പുറം പിഒ 679331, (2) നജാസ്മോൻ, വലിയപീടികക്കൽ ഹൗസ്, പായിമ്പാടം, കാരപ്പുറം പിഒ 679331, (3) യുപി കുഞ്ഞിമുഹമ്മദ്, ഉൽപ്പിലാപ്പറ്റ ഹൗസ്, കുറ്റിക്കാട്, മൂത്തേടം പിഒ 679331 എന്നിവരുടെ പേരിൽ മേൽ സൂചിപ്പിച്ച ബാങ്കുകളിൽ നിന്ന് എടുത്ത വായ്പകൾ സംബന്ധിച്ച് സമഗ്രമായ അന്വേഷണവും, പരിശോധനയും തുടർ നടപടിയും സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. ഇസ്മായീൽ മൂത്തേടം എന്നയാൾ സ്വന്തം പേരിലും ബന്ധുക്കളേയും, ബിനാമികളേയും ഉപയോഗപ്പെടുത്തി ബോധപൂർവ്വം സഹകരണ പ്രസ്ഥാനത്തെ തകർക്കുക എന്ന ലക്ഷ്യത്തോടെ മേൽ സൂചിപ്പിച്ച ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് തിരിച്ചടക്കാതെ മലപ്പുറം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എന്ന അധികാര പദവി ദുർവിനിയോഗം നടത്തി മേൽ വായ്പകളിലുള്ള ജപ്തി നടപടികളും, സർഫാസി നിയമ നടപടികളും തടഞ്ഞുവെച്ചിരിക്കുകയാണ്. സഹകരണ വകുപ്പ് സാധാരണക്കാരെ സഹായിക്കാൻ പ്രത്യേകമായി

അനുവദിക്കുന്ന പലിശ ഇളവുകൾ നിരന്തരം ഉപയോഗപ്പെടുത്തി വീണ്ടും അതേ ബാങ്കിൽ നിന്ന് ലോണെടുത്ത് വീും ആനുകൂല്ല്യങ്ങൾ തട്ടിയെടുക്കുകയാണ് ചെയ്യുന്നത്. ഇതിലുടെ സാധാരണക്കാരന്റെ ആനുകൂല്ല്യം നിഷേധിക്കപ്പെടുകയാണ്. ശ്രീ. ഇസ്മായീലിന് പലിശ ഇളവ് നൽകുമ്പോൾ ഇതേ ബാങ്കിലെ മറ്റ് ഇടപാടുകാർക്ക് ഈ ആനുകൂല്ല്യം നൽകാതെ തിരിച്ചയക്കുകയാണ്. വിലകുറഞ്ഞ സ്ഥലങ്ങൾ വാങ്ങി പ്ലോട്ടുകളായി തിരിച്ച് പത്ത് സെന്റ് വീതം ബാങ്കിൽ വെച്ച് വൻ തുക ലോൺ വാങ്ങി ജപ്തി ചെയ്താൽ വാങ്ങിയ തുകയോ, പലിശയോ ലഭിക്കാതെ ബാങ്കിനെ വഞ്ചിച്ച് സഹകരണ മേഖലയെ തകർക്കുകയാണ് ലക്ഷ്യമിടുന്നത്.

എടക്കര സബ് രജിസ്ട്രാർ ഓഫിസിൽ വിവിധ നമ്പറുകളിൽ രജിസ്റ്റർ ചെയ്ത ആധാരങ്ങളിൽ പലതിലും ഒരേ രേഖയിൽ ഒന്നിലധികം ലോണുകൾ തരപ്പെടുത്തി ക്രമക്കേടുകൾ നടത്തിയിട്ടുണ്ട്. ശ്രീ. ഇസ്മായീൽ പരശുനാംകുന്നൻ, കാരപ്പുറം പിഒ, 679331 എന്ന വിലാസത്തിൽ എടക്കര സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത് വാങ്ങിയ ഭൂമികളുടെ രജിസ്ട്രേഷൻ നമ്പറുകൾ ചേർക്കുന്നു. 4248/1993, 1046/2004, 187/2004, 188/2004, 1462/2006, 559/2006, 3762/2006, 4868/2008, 2889/2010, 1527/2010, 5474/2010, 6319/2011, 1447/2014, 4468/2015, 1776/2019, ജി 1786/2013, ജി 2095/2014, ജി 2094/2014 എന്നിവ ഭൂമി വാങ്ങി രജിസ്റ്റർ നടത്തിയ നമ്പറുകളാണ്. സഹകരണ ബാങ്കിൽ ലോൺ വിവരം മറച്ച് വെച്ച് ഭൂമി വിൽപ്പനയും നടന്നിട്ടുണ്ട്. 3075/1996, 4414/1996, 4157/2007, 1672/2007, 1404/2010, 1372/2013, 138/2011, 4798/2011, 5943/2011, 4347/2011, 4346/2011, 2747/2012, 582/2015, 581/2015, 583/2015, 579/2015, 580/2015, 3623/2015, 2844/2019, ജി 237/2011, ജി 638/2012, ജി 1703/2012, ജി 663/2014, ജി 1209/2014, ജി 455/2015, ജി 2221/2015 എന്നീ ആധാരങ്ങൾ ശ്രീ. ഇസ്മായീൽ വിൽപന നടത്തി രജിസ്ട്രേഷൻ നടത്തിയവയാണ്. ഇതേ രീതിയിൽ ഇദ്ധേഹത്തിന്റെ ബന്ധുക്കളും, ബിനാമിയായ യുപി കുഞ്ഞിമുഹമ്മദ് ഉൽപ്പിലാപ്പറ്റ മുത്തേടവും ഭൂമി വിൽപ്പന രജിസ്റ്റർ ചെയ്തിട്ടുണ്ട് .

1. ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്ക് വടക്കൈകൈ ശാഖയിൽ നിന്ന് നാലര ലക്ഷം പലിശ റിബേറ്റ് അനുവദിച്ചത് ദുർവിനിയോഗമാണ്. സിസിഎൽ 232 ൽ 10 ലക്ഷം 19/09/2015ന് വായ്പയെടുത്ത് തിരിച്ചടവ് നടത്താതെ 2019 മാർച്ച് 30 ന് 10 ലക്ഷം അടച്ച് അന്ന് തന്നെ വീും 10 ലക്ഷം വായ്പയെടുത്തു. സഹകരണ വകുപ്പ് കുടിശ്ശിക നിവാരണം ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയിൽ 1,68,991 പലിശ റിബേറ്റ് തരപ്പെടുത്തി. എന്നാൽ ബാങ്കിലെ മറ്റ് പാവപ്പെട്ട ഇടപാടുകാർക്ക് ഇളവ് നൽകാതെ സ്വന്തക്കാർക്ക് മാത്രമാണ് ഇളവ് അനുവദിച്ചത്. ഇതേ ബാങ്കിൽ 2015 ഒക്ടോബർ 3 ന് 25 ലക്ഷം വായ്പയെടുത്ത് കാലാവധിതീർന്ന മുറയ്ക്ക് വീും 25 ലക്ഷം തരപ്പെടുത്തി പലിശ റിബേറ്റ് വാങ്ങി. 2015സെപ്തംമ്പർ 19 ന് ഇതേ ബാങ്കിൽ 10 ലക്ഷം രൂപയെടുത്ത് വായ്പ തുക 20 ലക്ഷമായി വർധിപ്പിച്ച് പലിശ റിബേറ്റ് തരപ്പെടുത്തി. എന്നാൽ ഈട് വസ്തുവിന്റെ മതിപ്പ് വില വർധിപ്പിച്ച് തട്ടിപ്പ് നടത്തിയാണ് കൂടുതൽ തുക എടുത്തിരിക്കുന്നത്.

2. മുത്തേടം സർവ്വീസ് സഹകരണ ബാങ്ക് ശ്രീ. ഇസ്മായീൽ മകൻ ആസിഫലി മെമ്പർ നമ്പർ 9021 ബാങ്കിൽ നിന്ന് രണ്ട് വായ്പകളിലായി 10 സെന്റ് സ്ഥലത്തിന് 5 ലക്ഷം രൂപയാണ് ലോൺ എടുത്തിട്ടുള്ളത്. ഈ 10 സെന്റ് ഭൂമി വിറ്റാൽ 5 ലക്ഷം ലഭിക്കില്ല. ബാങ്കിനെ ബോധപൂർവ്വം വഞ്ചിച്ച് സഹകരണ പ്രസ്ഥാനത്തെ തകർക്കാനാണ് ശ്രമം നടത്തിയത്. ശ്രീ. ഇസ്മായീൽ മകൻ അജ്മൽ അലി, മെമ്പർ നമ്പർ 7727 ഇതേ ബാങ്കിൽ നിന്ന് 10 സെന്റ് സ്ഥലം ഈട് നൽകി 5 ലക്ഷമാണ് വായപയെടുത്തിട്ടുള്ളത്. എന്നാൽ ഈ ഭൂമിക്ക് മതിപ്പ് വില പോലും 5 ലക്ഷമില്ലാത്ത സ്ഥലമാണ്.

3. മുത്തേടം അർബൺ സഹകരണ സംഘം മെമ്പർ നമ്പർ 1 ശ്രീ. ഇസ്മായീൽ 2019 മാർച്ച് 30 ന് 4 ലക്ഷം 10 സെന്റ് സ്ഥലം മതിപ്പ് വില കൃത്രിമമായി കാണിച്ച് ഈടായി നൽകിയാണ് വായപയെടുത്തത്. ഇതേ ബാങ്കിൽ

ഡയറക്ടർ ബോർഡ് അംഗമായിരിക്കെയാണ് ചട്ടം ലംഘിച്ച് ലോൺ എടുത്തിട്ടുള്ളത്. ഇദ്ദേഹത്തിന്റെ ഭാര്യ റംലത്തിന്റെ പേരിലും ഇതേ ബാങ്കിൽ ഇതേ ദിവസം 10 സെന്റ് സ്ഥലം മതിപ്പ് വിലയിൽ കൃത്രിമം കാണിച്ച് ഈട് നൽകി 4 ലക്ഷം വായ്പയെടുത്തിട്ടുണ്ട്.

4. മലപ്പുറം ജില്ല സഹകരണ ബാങ്ക് എടക്കര ശാഖയിൽ നിന്ന് ശ്രീ. ഇസ്മായീൽ 4 വായ്പകളെടുത്തിട്ടു്. വായ്പ നമ്പർ 090176042820065 പ്രകാരം ശ്രീ. ഇസ്മായീൽ ഭാര്യ റംലത്തിന്റെ പേരിൽ 50 ലക്ഷം വായ്പയെടുത്തിട്ടു്. വായ്പ നമ്പർ 090176042820052 പ്രകാരം ശ്രീ. ഇസ്മായീൽ മകൻ ആസിഫ് അലി 43 സെന്റ് (വീടുൾപ്പെടെ) സ്ഥലത്തിന് 50 ലക്ഷമാണ് ലോൺ എടുത്തിട്ടുള്ളത്. വായ്പ നമ്പർ 090176015021041 പ്രകാരം ശ്രീ. ഇസ്മായീൽ സഹോദരൻ അബൂബക്കർ 2016 മാർച്ച് 31 ന് ഒരേക്കർ ഭൂമി ഈട് നൽകി 26 ലക്ഷം വായ്പയെടുത്തു.വായ്പ നമ്പർ 090176015120150 പ്രകാരം ശ്രീ. ഇസ്മായീൽ ഭാര്യ സഹോദരി ഭർത്താവ് ഹംസ വില്ലൻ എന്നയാളുടെ പേരിൽ 50 സെന്റ് ഭൂമിക്ക് 57,50,000 വായ്പയെടുത്തു. വാല്യുവേഷൻ തുകയുടെ 50 ശതമാനം വായ്പയെന്ന നിയമം ലംഘിച്ചാണ് വായ്പയെടുത്തിട്ടുള്ളത്. മേൽ കാണിച്ച നാല് വായ്പകളിലും ഉദ്യോഗസ്ഥരെ സ്വാധീനിച്ച് മതിപ്പ് വിലയിൽ കൃത്രിമം കാണിച്ചാണ് ലോൺ എടുത്തിട്ടുള്ളത്. ലോൺ കാലാവധി അവസാനിച്ചിട്ടും തിരിച്ചടച്ചിട്ടില്ല. പ്രസ്തുത വായ്പകൾ നാലും സർഫാസി നടപടിയിലുള്ളതാണ്. ടി ഭൂമികൾ പിടിച്ചെടുക്കുന്ന നടപടികൾ അധികാര ദുർവിനിയോഗത്തിലൂടെ തടസ്സപ്പെടുത്തിയിരിക്കുകയാണ്. ഭൂമി എത്രയും വേഗം സർഫാസി നടപടി ആരംഭിക്കാൻ ഉത്തരവുണ്ടാകണം.

5. ശ്രീ. ഇസ്മായീൽ എന്നവരുടെ ബിനാമി ശ്രീ. നജാസ് മോൻ വായ്പ നമ്പർ 090176015120148 പ്രകാരം 50 സെന്റ് ഭൂമി ഈട് നൽകി 20 ലക്ഷം വായ്പയെടുത്തത് അവധി ബാക്കിയായി ജപ്തി നോട്ടീസ് നൽകി സർഫാസി നടപടിയിലുള്ളതാണ്. ശ്രീ. കെ മുഹമ്മദ് വായ്പ നമ്പർ 090176015120451 പ്രകാരം 30 സെന്റ് സ്ഥലത്തിന് 15 ലക്ഷം വായ്പ 2018 മാർച്ച് 31 ന് എടുത്തിട്ട് തിരിച്ചടച്ചിട്ടില്ല. ബാങ്ക് നാളിതുവരെ ഒരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല. ശ്രീ. മരയ്ക്കാർ വായ്പ നമ്പർ 090176019520022 പ്രകാരം 2015 നവംബർ 11 ന് 10 സെന്റ് സ്ഥലം ഈട് നൽകി ആറ് ലക്ഷം വായ്പയെടുത്തു. പ്രസ്തുത വായ്പയും തിരിച്ചടക്കാതെ സർഫാസി നടപടിയിലാണ്.

6. ശ്രീ. ഇസ്മായീൽ മൂത്തേടം 2015 ൽ മലപ്പുറം ജില്ലയിലെ എടവണ്ണ ജില്ലാ പഞ്ചായത്ത് ഡിവിഷൻ ഐയുഎംഎൽ സ്ഥാനാർത്ഥിയായി മത്സരിക്കാൻ ഇലക്ഷൻ കമ്മീഷന് സമർപ്പിച്ച രേഖകൾ പ്രകാരം ഫെഡറൽ ബാങ്ക് എടക്കര ശാഖയിൽ നിന്ന് 11,65,823 രൂപയും, ആക്സിസ് ബാങ്ക് നിലമ്പൂർ ശാഖയിൽ നിന്ന് 95,80,668 രൂപയും ലോൺ എടുത്ത് തിരിച്ചടക്കാതെ ജപ്തി നടപടി നേരിട്ടുകൊണ്ടിരിക്കുകയാണ്.

**മുസ്ലീംലീഗ് മലപ്പുറം ജില്ല സെക്രട്ടറിയും, നിലവിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമായ ശ്രീ. ഇസ്മായീൽ മൂത്തേടം മേൽ സൂചിപ്പിച്ച വായ്പ സംബന്ധിച്ച തുടർ നടപടികൾ അധികാര ദുർവിനിയോഗത്തിലൂടെ തടസ്സപ്പെടുത്തുകയാണ്. സർഫാസി നടപടി നടക്കേതിനാൽ ഡയറക്ടർ ബോർഡ് സ്ഥാനത്ത് നിന്ന് നീക്കം ചെയ്യണമെന്നും, സഹകരണ, രജിസ്ട്രേഷൻ വകുപ്പുകളിലെ പ്രത്യേക സംഘത്തെ നിയോഗിച്ച് സമഗ്രമായ അന്വേഷണം നടത്തി ഇദ്ദേഹത്തിനെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.**

01-08-2021
മൂത്തേടം

വിശ്വസ്തതയോടെ
വി കെ ഷാനവാസ് 01/08/21

-2-

ERP(37) 2752

ബഹുമാനപ്പെട്ട സഹകരണ സംഘം രജിസ്ട്രാർ അവറുകൾക്ക്

ഇസ്മായിൽ മുത്തേടം എന്ന ആൾ ഇപ്പോൾ മുത്തേടം അർബൻ ബാങ്ക്,
മുത്തേടം സർവ്വീസ് സഹകരണ ബാങ്ക്, മലപ്പുറം ജില്ല ബാങ്ക് എന്നിവയിൽ ഭര
ണസമിതി അംഗംമാണ് ഇത് സഹകരണ സംഘനിയമത്തിന് എതിരാണ്

1 .മുത്തേടം സഹകരണ അർബൻ ബാങ്കിൽ അദ്ദേഹത്തിന്റെയും അദ്ദേഹ
ത്തിന്റെ കുടുംബവും മറ്റുള്ളവർ മുഖേനയും അദ്ദേഹം ഏതാണ്ട് 2 കോടി
യോളം വായ്പ എടുത്ത് വർഷങ്ങളായി അവധി ബാക്കിയാണ് . ഇതുവരെ
ഒരുനിയമ നടപടിയും എടുത്തിട്ടില്ല. മാത്രമല്ല കടത്തിന് ജാമ്യമായി നൽകിയ
വസ്തു വിറ്റാൽ കടത്തിന്റെ നാലിൽ ഒന്ന് പോലും തിരിച്ചടയ്ക്കാൻ കഴി
യാത്ത അവസ്ഥയിലാണ് ബാങ്ക് ജീവനക്കാരും ഭരണസമിതിയും കൂടി
ബാങ്കിനെ വഞ്ചിച്ചിരിക്കുകയാണ് കടത്തിന് ഈടായി നൽകിയ വസ്തുവിന്
അമിത വില കാണിച്ച് ബാങ്കിനെ വഞ്ചിച്ച ജീവനക്കാരുടെ പേരിലും അതിന്
കൂട്ട് നിന്ന ഭരണ സമിതിയുടെ പേരിലും കർശന നടപടി സ്വീകരിക്കണമെന്ന്
അപേക്ഷിക്കുന്നു അദ്ദേഹം ഈ ബാങ്കിലെ ഭരണ സമതിയിൽ പ്രസി
ഡണ്ടുമാണ്

2. മുത്തേടം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും അദ്ദേഹത്തിന്റെ
പേരിലും കുടുംബത്തിന്റെയും മറ്റുള്ളവരുടെ പേരിലുമായി അദ്ദേഹം 2
കോടിയോളം രൂപ കടം എടുത്തിട്ടുണ്ട് ഇത് 3 വർഷത്തിൽ അധികം അവധി
ബാക്കി ആയി നിൽക്കുന്നുണ്ടെങ്കിലും ഇതുവരെയാതൊരു നടപടിയും എടു
ത്തിട്ടില്ല ഇതിന് ജാമ്യം മുതലായി നൽകിയ വസ്തു വിറ്റാൽ കടത്തിന്റെ
പത്തിൽ ഒരു ഭാഗം പോലും തിരിച്ചുപിടിക്കാൻ കഴിയാത്ത ,സ്ഥിതിയാണ്
അതുകൊണ്ട് ബാങ്കിനെ വഞ്ചിച്ച ജീവനക്കാരുടെ പേരിലും അതിന് കൂട്ടു
നിന്ന ഭരണസമതിയുടെ പേരിലും കർശന നടപടി സ്വീകരിക്കണമെന്ന് അപേ
ക്ഷിക്കുന്നു അദ്ദേഹം ഈ ഭരണ സമതിയിലും അംഗമാണ്

3. മലപ്പുറം ജില്ല സഹകരണബാങ്കിന്റെ എടക്കര ശാഖയിൽ അദ്ദഹത്തിന്റെ
പേരിലും അദ്ദേഹത്തിന്റെഭാര്യയുടെ സഹോദരൻ മറ്റ് കുടുംബാംഗങ്ങൾ
എന്നിവരുടെ പേരിലും 4 കോടിയോളം രൂപ കടം എടുത്തത് നാലുവർഷ
ത്തോളം അവധി ബാക്കിയാണ് ഒരു നടപടിയും എടുത്തിട്ടില്ല ഇതിന് ജാമ്യ
മായി നൽകിയ വസ്തു വിറ്റാൽ കടത്തിന്റെ നാലിൽ ഒരുഭാഗം പോലും തിരി
ച്ചുപിടിക്കാൻ കഴുകയില്ല മാത്രമല്ല ഇതിന് ഈടു നൽകിയ പലസ്ഥലത്തി
ന്റെയും ആധാരങ്ങളും വ്യാജമാണ് അദ്ദേഹം ഈ സ്ഥാപനത്തിന്റെ ഭര
ണസമതിയിൽ അംഗമാണ്

4. കരുളായി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ഇദ്ദേഹം ഒന്നര കോടി
യോളം രൂപ കടം എടുത്തത് എത്രയോ വർഷങ്ങളായി അവധി ബാക്കിയായി
തുടരുകയാണ് ഇതിന് ജാമ്യമായി നൽകിയ വസ്തുവിറ്റാൽ ഈ കടം ഒരി
ക്കലും ഈടാക്കാൻ കഴിയുകയില്ല ഇതിലും ബാങ്കിനെ വഞ്ചിക്കാൻ ജീവന
ക്കാർകൂട്ടുനിന്നിരിക്കുയാണ്

5. ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്കിന്റെ ചടക്കേക്കയ്യ് ശാഖയിൽ ഒരുകോടിയോളം രൂപ കടം കൊടുത്തത് 2 വർഷമായി അവധിബാക്കിയാണ് ഇതിന് ഒരു യാതൊരു നടപടിയും എടുത്തിട്ടില്ല ജാമ്യമായിനൽകിയ വസ്തുവിന്റെ റിക്കാർഡുകൾ വ്യാജമാണ് എന്നു മാത്രമല്ല സ്ഥലത്തിന് തീരെ മാർക്കറ്റ് വിലയില്ലാത്ത സ്ഥലവുമാണ്. ഉദ്യോഗസ്ഥർമാരും ഭരണസമിതി അംഗങ്ങളും ചേർന്ന് നല്ല നിലയിൽനടക്കുന്ന സ്ഥാപനത്തെ വഞ്ചിച്ചിരിക്കുകയാണ്

6. അദ്ദേഹം റബ്ബർ മരങ്ങൾ വെട്ടിമാറ്റം ചെയ്യുന്നതിന് ഒരു സഹകരണ സംഘം ഉണ്ടാക്കി കോടികൾ ചെലവഴിച്ചു ആ സംഘം ഇപ്പോൾ പൊളിഞ്ഞിരിക്കുകയാണ് ഇതിന്റെ പിന്നിൽ ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയിലെ ചിലരും പങ്കാളികളാണ്. ഈ സ്ഥാപനങ്ങൾ എല്ലാം ഭരിക്കുന്നത് മലപ്പുറം ജില്ലയിലെ ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയാണ് അതുകൊണ്ട് അദ്ദേഹത്തിന്റെ പേരിലും സ്ഥാപനങ്ങളെവഞ്ചിക്കാൻ കൂട്ട് നിന്ന ജീവനക്കാരുടെ പേരിലും ഭരണസമതിയുടെ പേരിലും കർശന നടപടി സ്വീകരിക്കണമെന്ന് വീനിതമായി അപേക്ഷിക്കുന്നു.

എന്ന്
പി കെ രാജൻ
(സെക്രട്ടറി)
സഹകരണ സംരക്ഷണ സമിതി

കോപ്പി:

1. സഹകരണ വകുപ്പ് മന്ത്രി
2. സഹകരണ സംഘം രജിസ്ട്രാർ
3. സഹകരണ വിജിലൻസ് സെല്ല്
4. എല്ലാം മാധ്യമ പ്രവർത്തകർക്കും

ഇതിന്റെ കോപ്പി ആമുഖ കത്തുമുഖേന ബഹു കേരള ഹൈക്കോടതിയെ അറിയിക്കുന്നു. ഇതു ഒരു പൊതു താൽപര്യ ഹർജിയായി ഫയലിൽ സ്വീകരിക്കണമെന്ന് വിനിതമായി അപേക്ഷിക്കുന്നു.

അനുബന്ധം II

സ്പെഷ്യൽ സെയിൽസ് ഓഫീസർ
മലപ്പുറം ജില്ലാ സഹകരണ ബാങ്ക്
മലപ്പുറം

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ),
മലപ്പുറം

സർ,

വിഷയം: ശ്രീ ഇസ്മയിൽ മൂത്തേടം എടുത്തിട്ടുള്ള വായ്പകളെ സംബന്ധിച്ച് അന്വേഷണം നടത്തുന്നത് സംബന്ധിച്ച്.

പരാമർശം: 1) ബഹു. മലപ്പുറം ജോയിന്റ് രജിസ്ട്രാറുടെ 09/01/2020 ലെ JRMPM/5362/2019-CRP (1) നമ്പർ കത്ത്.
2) ശ്രീ. ജോസഫ് മാത്യു സമർപ്പിച്ച പരാതി.

---

മേൽ പരാമർശത്തിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചു കൊള്ളുന്നു. മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ എടക്കര ശാഖയിൽ പോയി അന്വേഷണം നടത്തിയിരുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

ശ്രീ ഇസ്മയിൽ മൂത്തേടവുമായി ബന്ധപ്പെട്ട 4 വായ്പകളാണ് കാണാൻ സാധിച്ചിട്ടുള്ളത്.

1) വായ്പ നമ്പർ 090176042820065 വായ്പ സംഖ്യ 50 ലക്ഷം രൂപ. മേൽ നമ്പറിലുള്ള ഓവർ ഡ്രാഫ്റ്റ് വായ്പ ശ്രീമതി റംലത്ത്, W/o ഇസ്മയിൽ, പരശുരാംകുന്നൻ ഹൗസ്, കാരപ്പുറം (പി.ഒ). എന്നവരുടെ പേരിലാണ്. ഇതിനായി ശ്രീ ഇസ്മയിലിന്റെ പേരിൽ എടക്കര എസ്സ്.ആർ.ഒ യിലെ 4868/2008 നമ്പർ പ്രകാരം സിദ്ധിച്ചതും മൂത്തേടം വില്ലേജിലെ 1266/1 സർവ്വെ നമ്പറിൽപ്പെട്ട ഒരേക്കർ സ്ഥലവും, ഇദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി റംലത്തിന്റെ പേരിൽ മൂത്തേടം വില്ലേജിൽപ്പെട്ടതും എടക്കര എസ്സ്.ആർ.ഒ യിലെ 1045/2004 നമ്പർ പ്രകാരം തീറ് സിദ്ധിച്ചതും 1266/1 സർവ്വെ നമ്പറിൽ പെട്ടതുമായ 25 സെന്റ് സ്ഥലവുമാണ് പണയപ്പെടുത്തിയിട്ടുള്ളത്. മൊത്തം 1 ഏക്കർ 25 സെന്റ് ഭൂമി. അന്നത്തെ എടക്കര ശാഖാമാനേജർ തോമസ്സ് കുട്ടി, ഡി.ജി.എം. ആയിരുന്ന മുസ്തഫ കമാൽ അഫ്സൽ, റജിസ്ട്രേഡ് വാല്യൂർ ആയ ശ്രീ. സുരേന്ദ്രൻ എന്നിവർ കൂടി താഴെ പറയും പ്രകാരം വില കണക്കാക്കിയിട്ടുണ്ട്.

| | |
|---|---|
| 1 ഏക്കർ 80000 രൂപ പെർ സെന്റ് | 80,00,000 |
| 25 സെന്റ് | 20,00,000 |
| | 1,00,00,000 |

ബാങ്ക് ടി കാലയളവിൽ വാല്യുവേഷൻ സംഖ്യയുടെ പരമാവധി 50% വരെ വായ്പ അനുവദിച്ചു വന്നിരുന്നു എന്ന് കാണുന്നു. ആയതിനാൽ കൂടുതൽ വായ്പ സംഖ്യ നൽകിയതായോ, കൈപ്പറ്റിയതായോ കാണുന്നില്ല. ഈ വായ്പ നൽകിയിട്ടുള്ളത് 31/03/2017 ന് ആണ്. 31/03/2018 ന് കാലാവധി അവസാനിച്ചു. 01/07/2017 മുതൽ ഈ വായ്പ NPA ആയതിനെ തുടർന്ന് റജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുണ്ട്. ഇപ്പോൾ പ്രസ്തുത വായ്പ സർഫാസി നിയമനടപടിയിലുള്ളതാണ്.

2) വായ്പ നമ്പർ 090176042820052 വായ്പ സംഖ്യ 50 ലക്ഷം രൂപ.വായ്പ തിയ്യതി 27/09/2016 ശ്രീ. ആസിഫ് അലി, S/O ഇസ്മയിൽ പരശുരാംകുന്നൻ ഹൗസ്, കാരപ്പുറം (പി.ഒ). ഈ ഓവർ ഡ്രാഫ്റ്റ് വായ്പയ്ക്ക് ഈടായി നൽകിയിട്ടുള്ളത് ശ്രീ. ഇസ്മയിലിന്റെ പേരിലുള്ളതും മൂത്തേടം വില്ലേജിലെ 1204/1 സർവ്വേനമ്പറിൽപ്പെട്ടതുമായ 43 സെന്റ് ഭൂമിയും അതിലുള്ള വീടുമാണ്. എടക്കര എസ്സ്.ആർ.ഒ യിലെ 559/2006 നമ്പർ പ്രകാരമാണ് ഇദ്ദേഹത്തിന് ഈ ഭൂമി ലഭിച്ചിട്ടുള്ളത്.ഓവർ ഡ്രാഫ്റ്റ് വായ്പ ലഭിക്കുന്നതിന് വേണ്ടി അപേക്ഷകൻ സമർപ്പിച്ച വർക്ക് എഗ്രിമെന്റ് കോൺട്രാക്ടിൽ അപേക്ഷകന് വീട് നിർമ്മിക്കുന്നതിന് വേണ്ടിയുള്ള കോൺട്രാക്ട് രേഖയാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ശാഖാ മാനേജരായ തോമസ്സ് കുട്ടി, ഡി.ജി.എം. ആയിരുന്ന മുസ്തഫ കമാൽ അഫ്സൽ, റജിസ്ട്രേഡ് വാല്യൂർ ആയ ശ്രീ. സുരേന്ദ്രൻ എന്നിവർ കൂടി താഴെ പറയും പ്രകാരം വില കണക്കാക്കിയിട്ടുണ്ട്.

| | |
|---|---|
| 1,80,000 X 43 സെന്റ് | 77,40,000 |
| ബിൽഡിംഗ് (വീട്) | 24,30,000 |
| | 1,01,70,000 |

ബാങ്ക് ടി കാലയളവിൽ വാല്യുവേഷൻ സംഖ്യയുടെ പരമാവധി 50% വരെ വായ്പ അനുവദിച്ചു വന്നിരുന്നു എന്ന് കാണുന്നു. ആയതിനാൽ കൂടുതൽ വായ്പ സംഖ്യ നൽകിയതായോ, കൈപറ്റിയതായോ കാണുന്നില്ല. 31/12/2016 ന് NPA ആയതിനെ തുടർന്ന് റജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുണ്ട്. ഇപ്പോൾ പ്രസ്തുത വായ്പ സർഫാസി നിയമനടപടിയിലുള്ളതാണ്.

3) GPML വായ്പ നമ്പർ 090176015021041 വായ്പ സംഖ്യ 26 ലക്ഷം രൂപ വായ്പ തിയതി 31/03/2016 ശ്രീ. അബൂബക്കർ, S/O മോയിൻകുട്ടി, പരശുരാംകുന്നൻ ഹൗസ്, കാരപ്പുറം (പി.ഒ). എന്നവരുടെ പേരിലാണ് വായ്പ. ശ്രീ ഇസ്മയിൽ എന്നവരുടെ സഹോദരന്റെ പേരിലാണ് ഈ വായ്പ. ഈ വായ്പക്ക് ഈടായി വെച്ചിട്ടുള്ളത് വായ്പക്കാരന്റെ പേരിലുള്ള മൂത്തേടം വില്ലേജിലെ 1266/1 സർവ്വെ നമ്പറിൽപ്പെട്ട ഒരേക്കർ ഭൂമിയാണ്. എടക്കര എസ്സ്.ആർ.ഒ യിലെ 4869/2008 നമ്പർ പ്രകാരമാണ് ഇദ്ദേഹത്തിന് ഈ ഭൂമി ലഭിച്ചിട്ടുള്ളത്. ശാഖാ മാനേജരായ തോമസ്സ് കുട്ടി, ഡി.ജി.എം. വി.വി.പ്രസാദ്, റജിസ്ട്രേഡ് വാല്യൂർ ആയ ശ്രീ. സുരേന്ദ്രൻ എന്നിവരാണ് വില കണക്കാക്കിയിട്ടുള്ളത്. ഒരേക്കർ ഭൂമിയാണ്, അതിന് സെന്റിന് 55,000/- രൂപ വിതം 55,00,000/- രൂപയാണ് വില കണക്കാക്കിയിട്ടുള്ളത്.

ബാങ്ക് ടി കാലയളവിൽ വാല്യുവേഷൻ സംഖ്യയുടെ പരമാവധി 50% വരെ വായ്പ അനുവദിച്ചു വന്നിരുന്നു എന്ന് കാണുന്നു. ആയതിനാൽ കൂടുതൽ വായ്പ സംഖ്യ നൽകിയതായോ, കൈപറ്റിയതായോ കാണുന്നില്ല. അവധി ബാക്കി ആയതിനെ തുടർന്ന് 24/12/2019 ന് ബാങ്ക് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട്. ഇപ്പോൾ പ്രസ്തുത വായ്പ സർഫാസി നിയമനടപടിയിലുള്ളതാണ്.

4) വായ്പ നമ്പർ 090176015120150 വായ്പ സംഖ്യ 57,50,000/-, വായ്പ തിയതി 31/03/2017 ശ്രീ. ഹംസ്സ വില്ലൻ, S/O മുഹമ്മദ്, വില്ലൻ ഹൗസ്, പള്ളിക്കുന്ന് മുണ്ട (പി.ഒ). എടക്കര, നിലമ്പൂർ. എന്നവരുടെ പേരിലാണ് ഈ വായ്പ. ശ്രീ. ഹംസ്സ, ശ്രീ ഇസ്മയിൽ മൂത്തേടത്തിന്റെ ഭാര്യാ സഹോദരി ഭർത്താവാണ്. ഈ വായ്പയ്ക്ക് ഈടായി നൽകിയിട്ടുള്ളത് വഴിക്കടവ് വില്ലേജിൽ 1186/2A സർവ്വെ നമ്പറിൽപ്പെട്ട 50 സെന്റ് ഭൂമിയാണ്. എടക്കര എസ്സ്.ആർ.ഒ യിലെ 1702/1993 നമ്പർ പ്രകാരമാണ് ഇദ്ദേഹത്തിന് ഈ ഭൂമി ലഭിച്ചിട്ടുള്ളത്. ശാഖാ മാനേജരായ തോമസ്സ് കുട്ടി, ഡി.ജി.എം ആയിരുന്ന മുസ്തഫ കമാൽ അഫസൽ, റജിസ്ട്രേഡ് വാല്യൂർ ആയ ശ്രീ. സുരേന്ദ്രൻ എന്നിവരാണ് വില കണക്കാക്കിയിട്ടുള്ളത്. 50 സെന്റ് ഭൂമിക്ക് സെന്റിന് 2,00,000 വെച്ച്-

| | | |
|---|---|---|
| 2,00,000 X 50 | = | 1,00,00,000 |
| ഹൗസ് | | 10,00,000 |
| | | 1,10,00,000 |

ബാങ്ക് ടി കാലയളവിൽ വാല്യുവേഷൻ സംഖ്യയുടെ പരമാവധി 50% വരെ വായ്പ അനുവദിച്ചു വന്നിരുന്നു എന്ന് കാണുന്നു.എന്നാൽ ആ വായ്പയ്ക്ക് വാല്യുവേഷൻ സംഖ്യയുടെ 50% ത്തിനേക്കാൾ അധികം കൊടുത്തു കാണുന്നു. 50% പരമാവധി 55 ലക്ഷം രൂപ എന്നാൽ 57,50,000 രൂപ വായ്പ കൊടുത്തിട്ടുണ്ട്.

അവധി ബാക്കി ആയതിനെ തുടർന്ന് റജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുണ്ട്. ഇപ്പോൾ പ്രസ്തുത വായ്പ സർഫാസി നിയമനടപടിയിലുള്ളതാണ്.

5) GPML വായ്പ നമ്പർ 090176015120148, വായ്പ സംഖ്യ 20 ലക്ഷം രൂപ, വായ്പ തിയതി 31/03/2017 ശ്രീ. നജാസ് മോൻ, S/O കുഞ്ഞിമുഹമ്മദ്, വലിയ പീടികക്കൽ ഹൗസ്, പായിംമ്പാടം, കാരപ്പുറം (പി.ഒ). എന്നവരുടെ പേരിലാണ് വായ്പ. ഈ വായ്പയ്ക്ക് ഈടായി നൽകിയിട്ടുള്ളത് മൂത്തേടം വില്ലേജിലെ 1266/1 സർവ്വെ നമ്പറിൽപ്പെട്ട 50 സെന്റ് ഭൂമിയാണ്. എടക്കര എസ്സ്.ആർ.ഒ യിലെ 4558/92 നമ്പർ പ്രകാരമാണ് ഇദ്ദേഹത്തിന്റെ പിതാവായ ശ്രീ. കുഞ്ഞിമുഹമ്മദിന് ഈ ഭൂമി ലഭിച്ചിട്ടുള്ളത്. ശ്രീ. കുഞ്ഞിമുഹമ്മദ് നജാസ് മോന് നൽകിയ പവർ ഓഫ് അറ്റോർണി പ്രകാരമാണ് നജാസ് മോൻ ഈ ഭൂമി ഈടായി നൽകിയിട്ടുള്ളത്. പവർ ഓഫ് അറ്റോർണിയിൽ ശ്രീ. കുഞ്ഞിമുഹമ്മദിന്റെ പിതാവിന്റെ പേര് അഹമ്മദ് കുട്ടി എന്നും, ആധാരത്തിലും കൈവശ സർട്ടിഫിക്കറ്റിലും പിതാവിന്റെ പേര് മുഹമ്മദ് കുട്ടി എന്നുമാണ്. ശാഖാ മാനേജരായ തോമസ്സ് കുട്ടി, സി.അബ്ദുസമ്മദ്, E.O, റജിസ്ട്രേഡ് വാല്യൂർ ആയ ശ്രീ. സുരേന്ദ്രൻ എന്നിവരാണ് ഭൂമി പരിശോധിച്ച് വില കണക്കാക്കിയിട്ടുള്ളത്.

| | | |
|---|---|---|
| 20 സെന്റ് | 1,00,000 പ്രകാരം | 20,00,000 |
| 30 സെന്റ് | 70,000 പ്രകാരം | 21,00,000 |
| | | 41,00,000 |

ലോൺ അവധി ബാക്കി ആയതിന് റജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുണ്ട്. ഇപ്പോൾ പ്രസ്തുത വായ്പ സർഫാസി നിയമനടപടിയിലുള്ളതാണ്.

6) GPML വായ്പ നമ്പർ 090176015120451, വായ്പ സംഖ്യ 15 ലക്ഷം രൂപ, വായ്പ്പ തിയതി 31/03/2018 ശ്രീ. മുഹമ്മദ്.കെ, S/O അബ്ദു, കൈതക്കൊടിയിൽ ഹൗസ്, മൂത്തേടം (പി.ഒ), ചെമ്മന്തിട്ട. എന്നവരുടെ പേരിലാണ് വായ്പ. ഈ വായ്പയ്ക്ക് ഈടായി നൽകിയിട്ടുള്ളത് മൂത്തേടം വില്ലേജിലെ 1207/4 സർവ്വെ നമ്പറിൽപ്പെട്ട 30 സെന്റ് സ്ഥലമാണ്. എടക്കര എസ്സ്.ആർ.ഒ യിലെ 3349/2009 നമ്പർ പ്രകാരമാണ് ഇദ്ദേഹത്തിന് ഈ ഭൂമി ലഭിച്ചിട്ടുള്ളത്. ശാഖാ മാനേജരായ തോമസ്സ് കുട്ടി, ശ്രീധരൻ.പി E:O, എന്നിവരാണ് ഭൂമി പരിശോധിച്ച് വില കണക്കാക്കിയിട്ടുള്ളത്.

| | |
|---|---|
| 80,000 രൂപ സെന്റ് പ്രകാരം 30 സെന്റ് | 24,00,000 |
| ബിൽഡിംഗ് | 8,80,000 |
| | 32,80,000 |

ഈ വായ്പയിൽ ബാങ്ക് സർഫാസി നിയമത്തിന് അനുസൃതമായ ഡിമാന്റ് നോട്ടീസ് അയച്ചിട്ടില്ല. കരസ്ഥപ്പെടുത്തൽ നോട്ടീസ് നടപടി എടുത്തിട്ടില്ല.

7) ഭവന വായ്പ നമ്പർ 090176019520022 , വായ്പ തിയതി 11/11/2015, വായ്പ തുക 6,00,000/, ശ്രീ.മരക്കാർ S/O കുഞ്ഞാലി, പുതിയത്ത് ഹൗസ്, ബാലംകുളം, കാരപ്പുറം (പി.ഒ). എന്നവരുടെ പേരിലാണ് വായ്പ. ഈ വായ്പക്ക് ഈടായി നൽകിയിട്ടുള്ളത് മൂത്തേടം വില്ലേജിലെ 1279/3 സർവ്വെ നമ്പറിൽപ്പെട്ട 10 സെന്റ് ഭൂമിയാണ്. എടക്കര എസ്സ്.ആർ.ഒ യിലെ 2636/2013 നമ്പർ പ്രകാരമാണ് ഇദ്ദേഹത്തിന് ഈ ഭൂമി ലഭിച്ചിട്ടുള്ളത്. ശാഖാ മാനേജർ തോമസ്സ് കുട്ടിയാണ് വില കണക്കാക്കിയിട്ടുള്ളത്.

| | |
|---|---|
| 10 സെന്റിന് 30,000 പ്രകാരം | 3,00,000 |
| ബിൽഡിംഗ് ആന്റ് അദർ ഡെവലപ്പ്മെന്റ് | 13,75,000 |
| | 16,75,000 |

വായ്പ അവധി ബാക്കി ആയതിനെ തുടർന്ന് റജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുണ്ട്. ഇപ്പോൾ പ്രസ്തുത വായ്പ സർഫാസി നിയമനടപടിയിലുള്ളതാണ്.

8) വായ്പ നമ്പർ 090176015021042, വായ്പ സംഖ്യ 20 ലക്ഷം രൂപ, വായ്പ തിയതി 31/03/2016 ശ്രീ. സൈതലവി, പുളിക്കട ഹൗസ്,നെല്ലിക്കുന്ന്, നമ്പൂരിപ്പൊട്ടി, വഴിക്കടവ്, എന്നവരുടെ പേരിലാണ് വായ്പ. 31/12/2019 ലെ OTS ജില്ലാതല കമ്മിറ്റിയുടെ 11-ാം നമ്പർ തീരുമാനപ്രകാരം 37 ഗഡുക്കൾ അവധി ബാക്കിയായി കണക്കാക്കി OTS ഉത്തരവിലെ ക്ലോസ് 15 പ്രകാരം ബാക്കി നിൽപ് പലിശയുടെ 20% കിഴിവ് കൊടുത്ത് (1,52,633 രൂപ) വായ്പ തീർത്തിട്ടുണ്ട്. ടിയാന് അർഹതപ്പെട്ട സംഖ്യയാണ് കിഴിവ് കൊടുത്തിട്ടുള്ളത്.

ബാങ്കിൽ സമർപ്പിച്ചിട്ടുള്ള രേഖകൾ പ്രകാരമുള്ള സ്ഥലവും അതിലുള്ള കുഴിക്കൂറ് ചമയങ്ങളും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ തന്നെയാണ് വില നിർണ്ണയം നടത്തിയിട്ടുള്ളത്. അഡ്വക്കറ്റിൽ നിന്നും നിയമോപദേശം വാങ്ങുകയും സാധാരണ ഗതിയിൽ നടത്തുന്ന എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചുമാണ് വായ്പ വിതരണം നടത്തിയിട്ടുള്ളത്. ബാങ്ക് ടി കാലയളവിൽ വാല്യുവേഷൻ സംഖ്യയുടെ പരമാവധി 50% വരെ വായ്പ അനുവദിച്ചു വന്നിരുന്നു എന്ന് കാണുന്നു. എന്നാൽ ശ്രീ. ഹംസ്സ വില്ലൻ, S/O മുഹമ്മദ്, വില്ലൻ ഹൗസ്, പള്ളിക്കുന്ന് മുണ്ട (പി.ഒ). എടക്കര, നിലമ്പൂർ. എന്ന വായ്പക്കാരന് (വായ്പ നമ്പർ 090176015120150 വാല്യുവേഷൻ സംഖ്യ 1 കോടി 10 ലക്ഷം രൂപ (1,10,00,000) എന്നി

രിക്കെ വാല്യൂവേഷൻ സംഖ്യയുടെ 50 ശതമാനത്തിനേക്കാൾ അധികം തുക കൊടുത്തു കാണുന്നു. 50 ശതമാനം പരമാവധി 55 ലക്ഷം രൂപ എന്നിരിക്കെ 57,50,000 രൂപ കൊടുത്തു കാണുന്നു. മറ്റു പോരായ്മകളോ, വീഴ്ചകളോ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. മേൽ വായ്പകളിൽ ബിനാമി വായ്പകൾ ഉള്ളതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടില്ല.

മേൽ പ്രകാരം നൽകിയിട്ടുള്ള വായ്പകളുടെ ഈട് വസ്തുവിന്റെ വില നിശ്ചയിച്ചിട്ടുള്ളത് വായ്പ നൽകിയ കാലത്തെ മാർക്കറ്റ് വിലയെ ആധാരമാക്കിയാണെന്ന് മനസ്സിലാക്കുന്നു. ആവശ്യമെങ്കിൽ ടി വസ്തുക്കളുടെ ഇപ്പോഴത്തെ മാർക്കറ്റ് വിലക്കനുസരിച്ച് വസ്തു വിലകൾ പുനർനിർണ്ണയിച്ച് വായ്പ ബാക്കി നില്പിന് ആവശ്യമായ ഈട് ഉണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്.

മലപ്പുറം,

26/02/2020.

വിശ്വസ്തതയോടെ,

(signed)

സ്പെഷ്യൽ സെയിൽ ഓഫീസർ,
മലപ്പുറം ജില്ലാ സഹകരണ ബാങ്ക്.

674/2018/E

സഹകരണ സംഘം (ജനറൽ) അസിസ്റ്റന്റ് രജിസ്ട്രാറുടെ കാര്യാലയം നിലമ്പൂർ തീയ്യതി 03/05/18

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
നിലമ്പൂർ

ജോ. രജിസ്ട്രാർ (ജനറൽ)
മലപ്പുറം.

O/C

സർ,

വിഷയം: കുന്നോടം സഹകരണ അർബൻ സംഘം ഡയറക്ടർ ശ്രീ. ഇസ്മായിൽ കുന്നോടം സഹകരണ നിയമത്തിനെതിരെ പ്രവർത്തിക്കുന്നു എന്നാരോപിച്ച് സഹകരണ സംരക്ഷണ സമിതി സെക്രട്ടറി സമർപ്പിച്ച നിവേദനം – സംബന്ധിച്ച്.

സൂചന: (1) അങ്ങയുടെ 06.04.2018 ലെ സി.ആർ.സി (3)2752/18 നമ്പർ കത്ത്.
(2) സഹകരണ സംരക്ഷണ സമിതി സെക്രട്ടറി ശ്രീ. പി.കെ രാജന്റെ തീയതി വെക്കാത്ത അപേക്ഷ.

DESPATCHED Date 4/5/18

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. സഹകരണ സംരക്ഷണ സമിതി സെക്രട്ടറി ശ്രീ. പി.കെ രാജൻ സമർപ്പിച്ച പരാതി സംബന്ധിച്ച് സംഘത്തിലെ ബന്ധപ്പെട്ട രേഖകളും യൂണിറ്റ് ഇൻസ്പെക്ടർ പരിശോധിച്ചു. പരാതിക്കാരനായ ശ്രീ. പി.കെ രാജന്റെ മേൽവിലാസവും ഫോൺ നമ്പറും ലഭിക്കാത്തതിനാൽ ടിയാളെ നേരിൽ കേൾക്കാൻ സാധിച്ചിട്ടില്ല. സംഘത്തിലെ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം റിപ്പോർട്ട് ചെയ്യുന്നു കൊള്ളുന്നു.

ശ്രീ. പാലക്കുന്നം കുന്നൻ ഇസ്മായിൽ എന്ന ഇസ്മായിൽ കുന്നോടം, (മെമ്പർ നമ്പർ A. 01) കുന്നോടം സഹകരണ അർബൻ സംഘത്തിൽ 27.07.2017 തീയതിയിൽ നടന്ന തെരഞ്ഞെ-

...ിയിൽ ഭരണസമിതി അംഗമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ടിയാൾ ടി സംഘത്തിന്റെ പ്രസിഡന്റോ വൈസ് പ്രസിഡന്റോ അല്ല. ശ്രീ. ഇസ്മായിൽ 24.05.17 തീയതി SMC 997-ാം നമ്പറിലായി 4 ലക്ഷം രൂപ വായ്പ എടുത്തിട്ടുണ്ട്. ടി വായ്പ അവധി ബാക്കിയായിട്ടില്ല. ടി വായ്പയ്ക്ക് ആവശ്യമായ ഈട് നൽകി ഹാജർ ചെയ്തിട്ടാണ് വായ്പ എടുത്തിട്ടുള്ളത്.

ശ്രീ. പറപ്പൂരാംകുന്നൻ ഇസ്മായിൽ കുത്തോടം സർവ്വീസ് സഹകരണ ബാങ്കിലെ A 8823 നമ്പർ മെമ്പറാണ്. ശ്രീ. ഇസ്മായിൽ ടി ബാങ്കിൽ നിന്ന് മൂന്ന് വായ്പകളിലായി 4 ലക്ഷം രൂപ വായ്പ എടുത്തിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

| തീയതി | വായ്പാ നമ്പർ | സംഖ്യ | ബാക്കി (27.04.18 വരെ) |
|---|---|---|---|
| 30.04.2010 | EOD/12 | 100,000 | 79,977 |
| 21.06.2014 | KCC/4255 | 200000 | 71041 |
| 21.06.2014 | BUS/9879 | 100,000 | 74041 |
| | ആകെ = | 400000 | |

ശ്രീ. ഇസ്മായിൽ മുൻപ് കുത്തോടം സർവ്വീസ് സഹകരണ ബാങ്കിലെ ജീവനക്കാരനായിരുന്നു. അന്ന് എടുത്ത എംപ്ലോയീസ് ഓവർ ഡ്രാഫ്റ്റ് ഉൾപ്പെടെ മൂന്ന് വായ്പകളും അവധി ബാക്കിയാണ്. ടി വായ്പാ കുടിശ്ശിക ഈടാക്കുന്നതിന് ബാങ്ക് ടിയാളുടെ പേരിൽ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ ബാങ്കിലെ ഭരണസമിതി അംഗം (മെമ്പർ നമ്പർ 6738) T. അബ്ദുൽ സലീം രാജിവെച്ച ഒഴിവിലേക്ക് ബാങ്ക് ഭരണസമിതിയുടെ 28.08.2017 ലെ

5-ാം നമ്പർ തീരുമാന പ്രകാരം ശ്രീ. പരപ്പനം കുന്നൻ ഇസ്മായിലിനെ ഭരണസമിതിയിലേക്ക് നോമിനേറ്റ് ചെയ്യപ്പെടുകയുണ്ടായി. ശ്രീ. ഇസ്മായിൽ വർഷങ്ങളായി കുടിശ്ശികക്കാരനാണ്. തൃക്കോടം സഹകരണ അർബൻ സംഘവും തൃക്കോടം സർവ്വീസ് സഹകരണ ബാങ്കും ഒരേ പ്രവർത്തന പരിധിയിൽ വരുന്ന സഹകരണ സംഘങ്ങളാണ്. ശ്രീ. ഇസ്മായിൽ കുടിശ്ശികക്കാരൻ എന്ന നിലയിലും ഒരേ തരത്തിലുള്ള രണ്ട് സംഘങ്ങളിൽ ഭരണസമിതി അംഗമെന്ന നിലയിലും ടിയാൾ അയോഗ്യനാണ്.

ശ്രീ. പരപ്പനം കുന്നൻ ഇസ്മായിൽ ചൂരത്ത സർവ്വീസ് സഹകരണ ബാങ്കിലെ D 3749 നമ്പർ മെമ്പറാണ്. ടിയാൾ ടി ബാങ്കിന്റെ വടക്കേക്കര ശാഖയിൽ നിന്ന് നാല് വായ്പകളിലായി 50 ലക്ഷം രൂപ കൈപ്പറ്റിയിട്ടുണ്ട്. ഇതിനുവേണ്ടി ശ്രീ. ഇസ്മായിൽ തൃക്കോടം പഞ്ചായത്തിൽ ടിയാന്റെ പേരിലുള്ള 2.65 ഏക്കർ ഭൂമി ഈടായി നൽകിയിട്ടുണ്ട്. വായ്പാ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | വായ്പാ നമ്പർ | സംഖ്യ. |
|---|---|---|
| 19.09.2015 | CCL/01 | 10 00,000 |
| 31.03.2016 | NAMT/46 | 10 00,000 |
| 31.03.2016 | SEL/02 | 5 00 000 |
| 31.03.2016 | NALT/03 | 25 00 000 |
| | ആകെ. | 50,00,000 |

ചൂരത്ത സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് എടുത്ത നാല് വായ്പകളും അവധി ബാക്കിയായതാണ്.

